31-12-2009 ലെ ഗസറ്റ് വിജ്ഞാപനപ്രകാരം വയനാട് ജില്ലയിൽ റവന്യൂ വകുപ്പിൽ വില്ലേജ്മാൻ തസ്തികയുടെ (കാറ്റഗറി നമ്പർ 508/09) സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട വികലാംഗ ഉദ്യോഗാർത്ഥികളുടെയും 16-04-2010 തിയ്യതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം വയനാട് ജില്ലയിൽ കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാൻ (കാറ്റഗറി നമ്പർ 98/10) തസ്തികയുടെ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട 3 വികലാംഗ ഉദ്യോഗാർത്ഥികളുടെയും 30-04-2012 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം വയനാട് ജില്ലയിൽ വികലാംഗർക്കുമാത്രമായുള്ള പ്രത്യേകനിയമനത്തിനായുള്ള വിവിധ വകുപ്പിലെ ലാസ്റ്റഗ്രേഡ് സർവന്റ് തസ്തികയുടെയും (കാറ്റഗറി നമ്പർ 260/12) ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുടെയും (കാറ്റഗറി നമ്പർ 256/12) റവന്യൂ വകുപ്പിലെ വില്ലേജ്മാൻ തസ്തികയുടെയും (കാറ്റഗറി നമ്പർ 259/12) സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെയും അനുയോജ്യതാ നിർണ്ണയം 22/03/2013 ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വയനാട് ജില്ലാ ഓഫീസിൽ വെച്ച് രാവിലെ 8 മണി മുതൽ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്കുള്ള വ്യക്തിഗത മെമ്മോ ഇതിനകം അയച്ചിട്ടുണ്ട്.

ഓരോ തസ്തികയുടെയും സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ 6 മാസത്തിനകം എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ, തിരിച്ചറിയൽ രേഖ, ജനന തീയതി, യോഗ്യത, വൈകല്യം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം സ്വന്തംചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഒന്നിൽ കൂടുതൽ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഓരോന്നിനും പ്രത്യേകം പ്രത്യേകം ഫോട്ടോയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഹാജരാക്കേണ്ടതാണ്.